പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6755 10.07.2014 -ൽ മറുപടിക്ക്

## താല്ക്കാലിക സർവ്വീസിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പ്രൊമോഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യ വകുപ്പിൽ 1.1.1990-ൽ താല്ക്കാലിക സർവ്വീസിൽ കയറിയ അഞ്ച് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ കോടതി ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് സർവ്വീസ് റഗുലറൈസ് ചെയ്യുകയും അതുവഴി പ്രൊമോഷൻ നൽകുകയും ചെയ്തിട്ടുണ്ടോ ; ഇതു പുന: പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുമോ ; | എ) | താൽക്കാലിക സർവ്വീസിൽ കയറിയ 3 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ 22.04.2003 തീയതിയിലെ സുപ്രീം കോടതി വിധി (WP(C)326/99 സിവിൽ അപ്പീൽ 1904/2000)ക്കനുസരണമായി പുറപ്പെടുവിച്ച സ.ഉ (ആർ.റ്റി)1456/04/ ആകുവ പ്രകാരവും രണ്ട് പേരെ സ.ഉ 1984/12/ആകുവ പ്രകാരവും താൽക്കാലിക സർവ്വീസിൽ പ്രവേശിച്ച 01.01.1990 മുതൽ റഗുലറൈസ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റിയും പ്രൊമോഷനും നൽകുകയും ചെയ്തിട്ടുണ്ട്. ആയത് നിയമാനുസൃതമാകയാൽ പുന:പരിശോധിക്കേണ്ടതില്ല. |
| ബി) | താല്ക്കാലിക സർവ്വീസിൽ നിന്നും നീക്കം ചെയ്ത നാല് വർഷക്കാല യളവ് ലീവായി അനുവദിച്ചിട്ടുണ്ടോ; ഇതു നിയമാനുസൃതമാണോ; ഇതു പുന:പരിശോധിക്കുമോ; ലീവ് കാലയളവ് പ്രൊമോഷനുള്ള സർവ്വീസിൽ കണക്കാക്കി പ്രൊമോഷൻ നൽകുകയും ഒരു ലക്ഷത്തിലധികം രൂപ അരിയർ എഴുതി നൽകുകയും ചെയ്തിട്ടുണ്ടോ; ഇതു നിയമാനുസൃതമല്ലെങ്കിൽ പുന: പരിശോധിക്കുമോ ; | ബി) | ലീവായി അനുവദിച്ചിട്ടില്ല.പ്രസ്തുത കാലയളവ് നോൺ ഡ്യൂട്ടിയായാണ് റഗുലറൈസ് ചെയ്തിട്ടുള്ളത്. നോൺ ഡ്യൂട്ടിയായി റഗുലറൈസ് ചെയ്തതിനാൽ ശമ്പള കുടിശ്ശിക നൽകിയിട്ടില്ല. ആയത് നിയമാനുസൃതമാണ്. |

| | | | |
|---|---|---|---|
| സി | പി.എസ്. സി. പരീക്ഷ പാസ്സാകാതെ മാനുഷിക പരിഗണനയിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2003-ൽ സർവ്വീസിൽ കയറിയവരെ 1993-ൽ പി.എസ്.സി മുഖേന സർവ്വീസിൽ കയറിയവരെ മറികടന്നു പ്രൊമോഷൻ നൽകിയിട്ടുണ്ടോ ; ഇതു പുന: പരിശോധിക്കുമോ ; | സി) | റഗുലറൈസ് ചെയ്ത തീയതി മുതൽക്ക് സീനിയോറിറ്റി നൽകേണ്ടതുള്ള തിനാൽ അപ്രകാരം നൽകി പ്രൊമോഷൻ നൽകിയിട്ടുണ്ട്. ആയത് നിയമാനുസൃതമാകയാൽ പുന:പരിശോധിക്കേണ്ടതില്ല. |
| ഡി) | ഏതെങ്കിലും കാറ്റഗറിയിൽ താല്ക്കാലിക സർവ്വീസിൽ പ്രവേശിച്ചവർക്ക പ്രസ്തുത തീയതി വച്ചു സർവ്വീസ് റഗുലറൈസ് ചെയ്ത പ്രൊമോഷൻ നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ? | ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിക്കപ്പെടുന്ന പാർട്ട് ടൈം സ്വീപ്പർമാർക്ക് അവർ താൽക്കാലികമായി സർവ്വീസിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിൽ ഉയർന്ന തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകിവരുന്നുണ്ട്. മറ്റ് തസ്തികകളിൽ അപ്രകാരമുള്ള പ്രൊമോഷനുകൾ നൽകുന്നില്ല. |

**സെക്ഷൻ ഓഫീസർ**